പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 9 — 26.02.2018 -ൽ മറുപടിക്ക്.

**അന്നപൂർണ്ണ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ**<br>**ശ്രീ.ബി.ഡി. ദേവസ്സി**<br>**ശ്രീ.ഒ. ആർ. കേളു**<br>**ശ്രീ.എസ്.രാജേന്ദ്രൻ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് അന്നപൂർണ്ണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ആർക്കൊക്കെയാണ് പദ്ധതിയുടെ ഗുണഫലം ലഭ്യമാകുന്നതെന്നും വ്യക്തമാക്കാമോ ; | (ബി) നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീമിൽ ഉൾപ്പെടാൻ അർഹതയുള്ളതും എന്നാൽ ചില കാരണങ്ങളാൽ അതിന്റെ പരിധിയിൽപ്പെടാത്ത 65 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് അന്നപൂർണ്ണ പദ്ധതി. താഴെ പറയുന്ന മാനദണ്ഡങ്ങൾക്കനുസൃതമായാണ് അന്നപൂർണ്ണ പദ്ധതി ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.<br>1. അപേക്ഷകന്റെ പ്രായം അറുപത്തഞ്ചോ (65) അതിനു മുകളിലോ ആയിരിക്കണം.<br>2. സ്വന്തമായോ, കുടുംബാംഗങ്ങളുടെയോ ഇതര സ്രോതസ്സുകളിലൂടെയോ ഉള്ള വരുമാനം കൊണ്ട് ഉപജീവനത്തിന് മാർഗ്ഗമില്ലാത്ത അഗതികളായിരിക്കണം.<br>3. നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീമിലെയോ (NOAPS) മറ്റ് സംസ്ഥാന പെൻഷൻ പദ്ധതി പ്രകാരമോ ഉള്ള പെൻഷൻ ലഭിക്കാത്ത ആളായിരിക്കണം.<br>4. ടി പദ്ധതി പ്രകാരം ഗുണഭോക്താവിന് ഒരു മാസം 10 കിലോഗ്രാം അരി സൗജന്യമായി ലഭിക്കുന്നതാണ്. |
| (സി) പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ വർദ്ധിച്ചിട്ടുണ്ടോ ; | (സി) ഇല്ല. |
| (ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി എത്ര തുക ലഭിച്ചെന്ന് വ്യക്തമാക്കാമോ ? | (ഡി) 2017-18 സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി തുകയൊന്നും ലഭ്യമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**